എം.എസ്.എ റസാഖ്



# റമദാനിലെ പാപമോചനം

عَنْ عُبَادَةَ بْنِ الصَّامِتِ رضي الله عنه، أَنّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، قَالَ يَوْمًا، وَقَدْ حَضَرَ رَمَضَانُ: أَتَاكُمْ رَمَضَانُ شَهْرُ بَرَكَةٍ، خَيْرٌ يَغْشَاكُمُ اللَّهُ فِيهِ فَيُنْزِلُ الرَّحْمَةَ وَيَحُطُّ فِيهَا الْخَطَايَا، وَيُسْتَحَبُّ فِيهَا الدَّعْوَةُ، يَنْظُرُ اللَّهُ إِلَى تَنَافُسِكُمْ وَيُبَاهِيكُمْ بِمَلائِكَةٍ، فَأَرُوا اللَّهَ مِنْ أَنْفُسِكُمْ خَيْرًا، فَإِنَّ الشَّقِيَّ كُلَّ الشَّقِيِّ مَنْ حُرِمَ فِيهِ رَحْمَةُ اللَّهِ عزوجل (رواه الطبراني وَرُواتُه ثِقاتٌ، اِلاَّ اَنْ محمد بن قيس لا يحضرني فيه جرح ولا تعديل 60/2).

**ഉബാദത്തുബ്നു സ്വാമിതി(റ)ൽനിന്ന് നിവേദനം: ഒരിക്കൽ റമദാൻ മാസം സമാഗതമായിരിക്കെ നബി (സ) പറഞ്ഞു: "അനുഗ്രഹത്തിന്റെ മാസമായ റമദാൻ സമാഗതമായിരിക്കുന്നു. അതിൽ അല്ലാഹു നിങ്ങളെ കാരുണ്യം കൊണ്ട് ആവരണം ചെയ്യും. അനുഗ്രഹം വർഷിക്കും. പാപങ്ങൾ മായ്ച്ചുകളയും. പ്രാർഥനകൾക്ക് ഉത്തരം നൽകും. അതിൽ നിങ്ങൾ മത്സരിച്ചു മുന്നേറുന്നവനാരെന്ന് അവൻ നിരീക്ഷിക്കും. നിങ്ങളെക്കുറിച്ച് അല്ലാഹു മലക്കുകളുടെ മുന്നിൽ അഭിമാനം കൊള്ളും. നിങ്ങളിൽ നന്മ ചെയ്യുന്നവരാരെന്ന് അല്ലാഹുവിനു കാണിച്ചുകൊടുക്കുക. റമദാനിൽ അല്ലാഹുവിന്റെ കാരുണ്യം തടയപ്പെടുന്നവനാകുന്നു ദൗർഭാഗ്യവാൻ" (ത്വബറാനി നിവേദനം ചെയ്തത്. ഇമാം മുൻദിരി *തർഗീബിൽ* പറയുന്നു: നിവേദകരിൽ ഒരാളായ മുഹമ്മദുബ്നു ഖൈസ് ഒഴികെ മറ്റെല്ലാ നിവേദകന്മാരും പ്രബലരാണ്).**

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളും പുണ്യവും കരസ്ഥമാക്കുന്നതിനു വേണ്ടി റമദാനെ വരവേൽക്കാൻ പ്രേരണ നൽകുന്നതാണീ പ്രവാചകവചനം. അല്ലാഹു അളവറ്റ അനുഗ്രഹങ്ങൾ ചൊരിയുന്ന മാസമാണ് റമദാൻ. അല്ലാഹു തന്റെ കാരുണ്യം കൊണ്ട് വിശ്വാസികളായ ദൈവദാസന്മാരെ കടാക്ഷിക്കും. ഐച്ഛിക കർമത്തിന് ഫർദിന്റെ പ്രതിഫലവും നിർബന്ധ കർമത്തിന് ഇതര മാസത്തേക്കാൾ എഴുപത് ഫർദിന്റെ പ്രതിഫലവും നൽകപ്പെടുന്ന മാസമാണ് പുണ്യറമദാൻ. പാപങ്ങൾ മായ്ച്ചുകളയുകയും പ്രാർഥനകൾക്ക് ഉത്തരം ലഭിക്കുകയും ചെയ്യുന്നവയാണ് റമദാൻ മാസത്തിലെ ദിനരാത്രങ്ങൾ. മുൻകാല ജീവിതത്തിലെ പാപക്കറയിൽനിന്നും മാലിന്യത്തിൽനിന്നും ശുദ്ധീകരിക്കുന്ന മാസമാണ് റമദാൻ. ''അഞ്ചു നമസ്കാരങ്ങൾ, ഒരു ജുമുഅയും അടുത്ത ജുമുഅയും, ഒരു റമദാനും അടുത്ത റമദാനും അവക്കിടയിലുള്ള പാപങ്ങളെ പൊറുപ്പിക്കുന്നവയാണ്-മഹാപാപങ്ങൾ വർജിക്കപ്പെട്ടാൽ'' (മുസ്ലിം). 'വ്രതാനുഷ്ഠാനക്കാരൻ ഐഹികവും പാരത്രികവുമായ നന്മക്കു വേണ്ടി പ്രാർഥിക്കുന്നത് അഭികാമ്യമാണെ'ന്ന് ഇമാം നവവി (റ) രേഖപ്പെടുത്തുന്നു (*അൽ മജ്മൂഅ്*). അബ്ദുല്ലാഹിബ്നു അംറ് (റ) നോമ്പുതുറയുടെ സമയമാകുമ്പോൾ തന്റെ മക്കളെയെല്ലാം ഒരുമിച്ചിരുത്തി അല്ലാഹുവോട് ഇങ്ങനെ പ്രാർഥിക്കുമായിരുന്നു: ''അല്ലാഹുവേ, എല്ലാറ്റിനേക്കാളും വിശാലമായ നിന്റെ കാരുണ്യത്താൽ എനിക്ക് നീ പൊറുത്തുതരണം എന്ന് ഞാൻ നിന്നോട് ചോദിക്കുന്നു'' (ഇബ്നുമാജ).

അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ച് ദൈവദാസന്മാർ റമദാൻ പകലിൽ തങ്ങളുടെ ജഢികേഛകൾ വർജിച്ച് ഇബാദത്തുകളിൽ മത്സരിച്ചു മുന്നേറുന്നതിനെക്കുറിച്ച് അല്ലാഹു മലക്കുകളോട് അഭിമാനപൂർവം സംസാരിക്കും. അല്ലാഹു തന്റെ ദാസന്മാരുടെ കർമോത്സുകത നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. റമദാൻ മാസം സമാഗതമായിട്ടും ഒരാളുടെ പാപങ്ങൾ പൊറുക്കപ്പെടുന്നില്ലെങ്കിൽ അയാൾ സുവർണാവസരം നഷ്ടപ്പെടുത്തുകയാണ്. പ്രവാചകൻ (സ) പറയുന്നു: ''റമദാൻ ലഭിച്ചിട്ടും പാപമോചനം നേടാൻ കഴിയാത്തവൻ അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് അകറ്റപ്പെടുന്നതാണ്. ഇതിൽ പാപമോചനം കരസ്ഥമാക്കാൻ കഴിയാത്തവന് പിന്നെ എപ്പോഴാണ് അതിനു സാധിക്കുക?'' (ത്വബറാനി). ''റമദാൻ സമാഗതമായിട്ടും പാപമോചനം ലഭിക്കാതെ അത് കടന്നുപോയവൻ നശിച്ചതു തന്നെ'' (അഹ്മദ്). നബി (സ) ഒരിക്കൽ മിമ്പറിൽ കയറിയപ്പോൾ 'ആമീൻ' എന്ന് മൂന്നു പ്രാവശ്യം പറയുന്നത് സ്വഹാബിമാർ കേട്ടു. അവരതിന്റെ കാരണം തിരക്കിയപ്പോൾ പ്രവാചകൻ (സ) ഇങ്ങനെ വിശദീകരിച്ചു: 'റമദാൻ ലഭിച്ചിട്ടും പാപമോചനം നേടാൻ കഴിയാത്തവൻ നരകത്തിൽ പ്രവേശിക്കും. അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്നവനെ അകറ്റുകയും ചെയ്യും' എന്ന് ജിബ്രീൽ എന്റെ അടുത്തു വന്ന് അറിയിക്കുകയും തുടർന്ന് 'ആമീൻ' പറയാൻ ആവശ്യപ്പെടുകയും ചെയ്തു. അതുപ്രകാരമാണ് ഞാനങ്ങനെ മൂന്നു പ്രാവശ്യം 'ആമീൻ' പറഞ്ഞത് (ത്വബറാനി). റമദാനിൽ എല്ലാ ദിവസവും ഒരു മലക്ക് വിളിച്ചുപറയും: ''നന്മ കാംക്ഷിക്കുന്നവനേ, നീ സന്തോഷിച്ചുകൊള്ളുക. തിന്മ കാംക്ഷിക്കുന്നവനേ, വിരമിക്കുക'' (അഹ്മദ്, നസാഈ).

അബൂ ഉമാമ (റ) പ്രസ്താവിക്കുന്നു: ''ഞാൻ റസൂലിന്റെ അടുത്തുചെന്ന്, എനിക്ക് സ്വർഗപ്രവേശം നേടിത്തരുന്ന വല്ല കർമവും ഉപദേശിച്ചുതരണമെന്ന് ആവശ്യപ്പെട്ടു. അവിടുന്ന് പറഞ്ഞു: 'നോമ്പനുഷ്ഠിച്ചുകൊള്ളുക. അതിനു തുല്യമായി മറ്റൊന്നുമില്ല.' രണ്ടാമതും ഞാൻ ചെന്നു. അപ്പോഴും പ്രവാചകൻ ആദ്യത്തെ മറുപടി തന്നെ നൽകി'' (അഹ്മദ്, ഹാകിം). അവിടുന്ന് വീണ്ടും അരുളി: ''ഏതെങ്കിലും ഒരു അടിമ അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ദിവസം നോമ്പ് നോൽക്കുന്ന പക്ഷം ആ ദിവസം കാരണമായി അല്ലാഹു അവന്റെ മുഖത്തുനിന്ന് നരകത്തെ എഴുപത് വർഷത്തെ ദൂരം അകറ്റാതിരിക്കില്ല'' (ബുഖാരി, മുസ്ലിം).

കാരുണ്യവർഷത്തിന്റെ മാസമായ റമദാനിൽ ജീവിക്കാൻ സൗഭാഗ്യം ലഭിച്ചിട്ടും പാപമോചനവും നരകവിമുക്തിയും സ്വർഗപ്രവേശവും നേടാൻ കഴിയാതെ പോകുന്നവനാണ് യഥാർഥ ദൗർഭാഗ്യവാൻ. അത്തരക്കാരിൽനിന്ന് അല്ലാഹു നമ്മെ രക്ഷിക്കുമാറാകട്ടെ. ●